എഞ്ചിനീയറിംഗ് കോളേജുകൾക്കും ബാധകമാണ്. ഈ നിബന്ധനകൾ പ്രധാനമായും പാഠ്യപദ്ധതി പ്രകാരമുള്ള ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസ്മുറികൾ, ലബോറട്ടറികൾ, വർക്ക്ഷോപ്പുകൾ, നിശ്ചിത സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ, ആവശ്യമായ പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറി, വിദ്യാർത്ഥികളുടെ എണ്ണവുമായി ബന്ധപ്പെടുത്തിയുള്ള അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ ഇവയാണ്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) അടുത്ത അദ്ധ്യയന വർഷത്തിൽ ആറൻമുളയിൽ സഹകരണ അക്കാഡമിയുടെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് അനുമതിക്കായി എ.ഐ.സി.റ്റി.ഇ. ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഇടുക്കി ജില്ലാ സഹകരണ ബാങ്ക്

129(1032) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് ഇടുക്കി ജില്ലാ സഹകരണബാങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ; ഈ ഇനത്തിൽ എത്ര തുക ചെലവായി ; ഇപ്പോൾ എത്രപേർ ദിവസവേതനത്തിൽ തുടരുന്നുണ്ട് ;

(ബി) ബാങ്കിന്റെ ബൈലായ്ക്ക് വിരുദ്ധമായി വ്യക്തികൾക്ക് നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് വായ്പ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയ്ക്കുള്ള വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുനന്മ ഫണ്ടിലേക്ക് തുക മാറ്റുന്നതിന് ബൈലാ ഭേദഗതി വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണ് ഭേദഗതി വരുത്തിയിട്ടുള്ളത് ;

(ഡി) പുതിയ വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് എത്ര രൂപ ചെലവായി ;

(ഇ) ബാങ്ക് മാരുതി എസ്റ്റീം കാർ വാങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് വാങ്ങി ; ഈ വാഹനം എത്ര കിലോമീറ്റർ ഇതുവരെ ഓടിയിട്ടുണ്ട് ;

(എഫ്) ബാങ്ക് വാഹനത്തിൽ ഗ്യാസ് കൺവേർഷൻ നടത്തിയതിന് ഡിപ്പാർട്ട്മെന്റ് അനുവാദം നൽകിയിട്ടുണ്ടോ ;

(ജി) സർക്കാർ, അർദ്ധസർക്കാർ, സഹകരണസ്ഥാപനങ്ങൾ എന്നിവയുടെ വാഹനങ്ങളിൽ ഗ്യാസ് കൺവേർഷൻ നടത്തുന്നതിന് വ്യവസ്ഥയുണ്ടോ ;

(എച്ച്) ബാങ്ക് വക മാരുതി എസ്റ്റീം കാർ ബാങ്ക് കാര്യങ്ങൾക്ക് അല്ലാതെ സംസ്ഥാനത്തിന് വെളിയിൽ കൊണ്ട് പോയിട്ടുണ്ടോ ;

(ഐ) ഓഡിറ്റിൽ സ്വർണ്ണപണയ വായ്പ വിതരണത്തിൽ കുറ്റക്കാരായി ഓഡിറ്റർ റിപ്പോർട്ട് ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) വെള്ളത്തൂവൽ, കല്ലാർ എന്നീ സഹകരണബാങ്കുകളിലെ വായ്പ തട്ടിപ്പിനെക്കുറിച്ച് സഹകരണവകുപ്പും ഫൈനാൻസിംഗ് ബാങ്കും എന്ത് നടപടി സ്വീകരിച്ചു ;

(കെ) ഇടുക്കി ജില്ലാ ബാങ്കിൽ സ്ഥാപിക്കുന്നതിന് വാങ്ങിയ കംപ്യൂട്ടറുകൾ ഏതെല്ലാം കമ്പനികളുടേതാണ് ; ഓരോ കമ്പനിയിൽ നിന്നും എത്ര തുകയുടെ കംപ്യൂട്ടറുകൾ വാങ്ങി ;

(എൽ) കംപ്യൂട്ടറിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് ഏതെല്ലാം കമ്പനികളെയാണ് അധികാരപ്പെടുത്തിയത്; ഓരോ കമ്പനിക്കും നൽകേണ്ട തുക എത്ര ?

ഉത്തരം

(എ) അത്യാവശ്യജോലികൾ ചെയ്ത് തീർക്കുവാൻ താൽക്കാലിക അടിസ്ഥാനത്തിൽ അപ്രന്റിസുമാരെ നിയമിച്ചു. ഈ ഇനത്തിൽ 24.30 ലക്ഷം രൂപ ചെലവായി. ഇപ്പോൾ 59 പേർ ദിവസവേതനത്തിൽ തുടരുന്നുണ്ട്. നിയമാനുസൃതമായ നിയമനമല്ലാത്തതിനാൽ അവരെ പിരിച്ചുവിടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബാങ്കിന്റെ ബൈലായ്ക്ക് വിരുദ്ധമായി വായ്പ നൽകിയിട്ടില്ല.

(സി) പൊതുനന്മ ഫണ്ടിലേക്ക് തുക മാറ്റുന്നതിന് 29-1-2000-ൽ കൂടിയ ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ പൊതുയോഗത്തിൽ ബൈലാ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി) 10,14,846 രൂപ.

(ഇ) ബാങ്ക് മാരുതി എസ്റ്റീം കാർ വാങ്ങിയിട്ടുണ്ട്. 31-3-1999-ൽ ആണ് വാങ്ങിയത്. ഈ വാഹനം ഇതുവരെ 29492 കിലോമീറ്റർ ഓടിയിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ഇല്ല.

(എച്ച്) ഇല്ല.

(ഐ) ഇത്തരക്കാർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജെ) വെള്ളത്തൂവൽ സർവീസ് സഹകരണ ബാങ്കിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് കൂടുതൽ വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണനിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു. കല്ലാർ സർവീസ് സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ മേൽ നടപടികൾക്കായി സഹകരണ ഡിപ്പാർട്ടുമെന്റിൽ ലഭിച്ചതിനെ

LIBRARY ARCHIVES Kerala Legislative Assembly

തുടർന്ന് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംഘത്തിൽ സഹകരണനിയമം 65-ാം വകുപ്പ് പ്രകാരം നടത്തിയ അന്വേഷണത്തിൽ ഈടാക്കാൻ ബാക്കി നിൽപ്പുള്ളതായി കണ്ടെത്തിയ തുക ഈടാക്കുന്നതിനായി ബന്ധപ്പെട്ടവർക്കെതിരെ ഫയൽ ചെയ്ത അന്യായത്തിൽ തീർപ്പ് കൽപ്പിച്ചതിനെ തുടർന്നുള്ള വിധിയുടെ അടിസ്ഥാനത്തിൽ ജപ്തി ലേല നടപടികൾ സ്വീകരിച്ച് വരുന്നു. കുറ്റക്കാരായി കണ്ടെത്തിയ ആൾക്കാരുടെ പേരിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് പോലീസിന്റെ വിജിലൻസ് വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(കെ) ബാങ്ക് വാങ്ങിയ കംപ്യൂട്ടറുകളുടെ കമ്പനി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

1.	ടാൻഡൻ കംപ്യൂട്ടേഴ്സ്	-	4,60,000 രൂപ
2.	സെനിത്ത് കംപ്യൂട്ടേഴ്സ്	-	3,70,200 രൂപ
3.	ഐ.ബി.എം. കംപ്യൂട്ടേഴ്സ്	-	3,61,782 രൂപ
4.	എച്ച്. പി. കംപ്യൂട്ടേഴ്സ്	-	2,39,850 രൂപ

(എൽ) തിരുവനന്തപുരത്തുള്ള കോർപ്പറേറ്റ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിനെയാണ് സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് അധികാരപ്പെടുത്തിയത്. ഇടുക്കി ജില്ലാ ബാങ്കിന്റെ ആറ് ശാഖകളിൽ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് 4,65,000 രൂപ ചെലവായിട്ടുണ്ട്.

എളംകുളം സഹകരണ ബാങ്കിലെ അഴിമതി

130(1033) ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ എളംകുളം സഹകരണ ബാങ്കിലെ അഴിമതിയെക്കുറിച്ച് സഹകരണവകുപ്പ് നടത്തിയ അന്വേഷണത്തിൽ കുറ്റക്കാർ ആരൊക്കെയാണെന്ന് വ്യക്തമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവർ ആരൊക്കെയാണെന്നും ഇവർക്കെതിരെയുള്ള കുറ്റങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ ;

(സി) അഴിമതിക്കാരെന്ന് തെളിഞ്ഞിട്ടുണ്ടെങ്കിൽ പ്രസ്തുത അഴിമതിക്കാർ ആരൊക്കെയെന്ന് 3 വർഷം കഴിഞ്ഞിട്ടും വെളിപ്പെടുത്താത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) ബാങ്കിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അത് കുറ്റക്കാരിൽ നിന്ന് തിരിച്ച് എടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ നടപടിയുടെ ഫലമായി എത്ര രൂപ ബാങ്കിന് തിരിച്ച് കിട്ടിയെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതിനുവേണ്ടി സിവിൽ കേസും ക്രിമിനൽ കേസും ആർക്കൊക്കെ എതിരെ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly